## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 82 — 09/08/2017-ൽ മറുപടിയ്ക്ക്.

## സമഗ്ര ക്ഷീര വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ. ശശി<br>ശ്രീ ജോർജ് എം. തോമസ്<br>ശ്രീ ആന്റണി ജോൺ<br>ശ്രീ .യു. ആർ. പ്രദീപ് : | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരമേഖലയുടെ വികസനത്തിനായി സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വികസനത്തിനായി എം.എസ്.ഡി.പി. പദ്ധതി (മിൽക്ക് ഷെഡ് വികസന പദ്ധതി) നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 50 ബ്ലോക്കുകളെ ഡയറി സോണായി തെരഞ്ഞെടുത്തും 5 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പഞ്ചായത്തുകളായി തെരഞ്ഞെടുത്തുമാണ് സമഗ്ര ക്ഷീരവികസന പദ്ധതികൾ 2017-18 വർഷം നടപ്പിലാക്കുന്നത്.<br>ഈ പദ്ധതിയുടെ ഭാഗമായി കറവമാടുകൾ വാങ്ങുന്നതിനും, ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, കറവയന്ത്രങ്ങൾ വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. |
| (ബി) കടക്കെണിയിലായ ക്ഷീര കർഷകർക്കായി പ്രത്യേക കടാശ്വാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2016-2017 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഒരു ക്ഷീരകർഷക കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതിയ്ക്കായി 2016-2017 ൽ 5 കോടി രൂപ അനുവദിക്കുകയും ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ക്ഷീര കർഷക പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷീര കർഷക ക്ഷേമ പെൻഷൻ 500/- രൂപ ആയിരുന്നത് 2017 ജനവരി മാസം മുതൽ 1000 രൂപയായും , എപ്രിൽ മുതൽ 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഇ) | ക്ഷീര കർഷകർക്ക് വരൾച്ചാ ദുരിതാശ്വാസ സഹായ പദ്ധതിയായി വയ്ക്കോലിനും പച്ചപ്പുല്ലിനും സബ്സിഡി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ച മൂലം പച്ചപ്പുല്ലിന്റെയും മറ്റ് കാലിത്തീറ്റ വിളകളുടെയും ഉയർന്ന വിലയും ദൗർലഭ്യവും സമീകൃത കാലിത്തീറ്റയുടെ വിലക്കയറ്റവും ശുദ്ധജലത്തിന്റെ ക്ഷാമവും കണക്കിലെടുത്ത് 2016-17 ൽ 35 ലക്ഷം രൂപയുടെ വരൾച്ചാദുരിതാശ്വാസ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി,കർഷകർക്ക് കുറഞ്ഞനിരക്കിൽ വൈക്കോലും പച്ചപ്പുല്ലും ലഭ്യമാക്കുവാൻ വേണ്ടി തെരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘങ്ങൾക്ക് 50,000/-രൂപയുടെ ധനസഹായം അനുവദിച്ചു. ഈ തുക വിനിയോഗിച്ച് കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈക്കോലും , പച്ചപ്പുല്ലും ലഭ്യമാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.